**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2137** **14-10-2024 - ൽ മറുപടിയ്ക്ക്**

**അടിമാലിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ദേവികുളം മണ്ഡലത്തിലെ അടിമാലിയിൽ ആരംഭിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ ഭരണാനുമതി പുതുക്കി നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | അടിമാലി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണത്തിന് 450 ലക്ഷം രൂപയുടെ (നാനൂറ്റി അമ്പതു ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതിൽ കാലതാമസം മൂലം നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിരുന്നില്ല. ഈ കാലയളവിൽ ഡി.എസ്.ആർ നിരക്കിലും ജി.എസ്.ടി നിരക്കിലും വർദ്ധനവ് ഉണ്ടായതിനാൽ PWD മുഖേന ഭരണാനുമതിയ്ക്കായി ലഭ്യമാക്കിയ 30.25 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റും, പ്ലാനും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അടിമാലി W&C ആശുപത്രി നിർമ്മാണം എന്ന പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്ന വിഷയത്തിൽ ജസ്റ്റിഫിക്കേഷൻ റിപ്പോർട്ട് സഹിതം പ്രൊപ്പോസൽ പുന:സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് തുക എത്രയെന്ന് അറിയിക്കാമോ? | (ബി) | മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ